(സി) ഒരുപാട് കർഷകർക്ക് ഗുണം ചെയ്യുന്ന പ്രസ്തുത പ്രവൃത്തി യാഥാർത്ഥ്യമാക്കുന്നതിന് ഇറിഗേഷൻ വകുപ്പ് മുന്തിയ പരിഗണന നൽകുമോ; ഇതു സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) കാരിച്ചാൽ കടവ് റഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണ പ്രവൃത്തിയുടെ രൂപകൽപ്പന ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

കായലുകളിൽനിന്ന് പായൽ നീക്കം ചെയ്യുന്നതിന് നടപടി

219 (908) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ കായലുകളിൽനിന്ന് പായൽ നീക്കം ചെയ്യുന്നതിന് 2011 മുതൽ എന്ത് തുകയാണ് ജലവിഭവ വകുപ്പിന് ചെലവായിട്ടുള്ളത് ; ഫിർമവഴി എത്ര രൂപയാണ് ചെലവാക്കിയിട്ടുള്ളത് ; വർഷം തിരിച്ച് ലഭ്യമാക്കുമോ ; പായൽ നീക്കം ചെയ്യാത്തതിനെ തുടർന്ന് മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനം നടത്തുവാൻ സാധിക്കാത്തകാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) പായൽ നിറഞ്ഞതുമൂലം മത്സ്യബന്ധനം നടത്താൻ പറ്റാത്തതുമൂലമുള്ള നഷ്ടം പരിശോധിച്ച് മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് ഒരു ഏജൻസിയെ നിയമിക്കുമോ; നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; പായൽ നീക്കം ചെയ്യുന്നതിന് ആവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കായലുകളിൽനിന്ന് പായൽ നീക്കം ചെയ്യുന്നതിന് 2011 മുതൽ ജലവിഭവ വകുപ്പ് തുകയൊന്നും ചെലവാക്കിയിട്ടില്ല. കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ഫിർമ മുഖേന നടപ്പിലാക്കിയ 'കുളവാഴ നിർമ്മാർജ്ജനവും പുനരുപയോഗവും' എന്ന പദ്ധതി പ്രകാരം 15,48,93,618 രൂപ പായൽ നീക്കം ചെയ്യാൻ ഉപയോഗിച്ചു. വർഷം തിരിച്ച് ചെലവാക്കിയ തുക ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

വർഷം	ചെലവഴിച്ച തുക
2010-11	97,73,294
2011-12	5,75,98,938
2012-13	2,96,78,167
2013-14	3,36,76,156
2014-15	2,41,67,063
ആകെ	15,48,93,618

പായൽ നീക്കം ചെയ്യാത്തതിനെത്തുടർന്ന് മത്സ്യത്തൊഴിലാളികൾക്ക് മത്സ്യ ബന്ധനം തടസ്സപ്പെടുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

കുറ്റിച്ചിറ കൈത്തോട്ടിലെ സ്ലൂയിസ് കം ടാക്കർ ക്രോസിങ്ങ് പാലം

220 (909) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈനർ ഇറിഗേഷൻ, തലപ്പിള്ളി സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തി 45 ലക്ഷം രൂപക്ക് 2014-15 വർഷം ഭരണാനുമതി നൽകിയ കുന്നംകുളം നിയോജകമണ്ഡലത്തിലെ കടങ്ങോട് പഞ്ചായത്ത് ഇയ്യാൽ പാടശേഖരത്തിലെ ചേലപ്പുഴ കുറ്റിച്ചിറ കൈത്തോട്ടിൽ സ്ലൂയിസ് കം ടാക്കർ ക്രോസിങ്ങ് പാലം പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ ;

(ബി) ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് ടി പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയും; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) കുന്നംകുളം നിയോജക മണ്ഡലത്തിലെ കടങ്ങോട് പഞ്ചായത്ത് ഇയ്യാൽ പാടശേഖരത്തിലെ ചേലപ്പുഴ കുറ്റിച്ചിറ കൈത്തോട്ടിൽ സ്ലൂയിസ് കം ടാക്കർ ക്രോസിങ്ങ് പാലം പ്രവർത്തിയുടെ ടെണ്ടർ ചെയ്തു. എന്നാൽ പ്രസ്തുത പ്രവൃത്തി ഏറ്റെടുക്കുവാൻ ആരും എത്താത്തതിനാൽ റീ ടെണ്ടറിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly